## പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.798 30.10.2019 -ലെ മറുപടിക്ക്**

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ഭവന നിർമ്മാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സജി ചെറിയാൻ** | | **എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭവന നിർമ്മാണം പൂർത്തീകരിച്ച് 7 വർഷം കഴിഞ്ഞാൽ മാത്രമേ അറ്റകുറ്റപ്പണികൾക്ക് പ്രോജക്ട് തുക അനുവദിക്കുകയുള്ളു എന്നത് ഭേദഗതി വരുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; | (എ) & (ബി) & (സി) | വാസയോഗ്യമായ നിലയിൽ നിർമ്മാണം പൂർത്തിയാക്കിയ പട്ടികവർഗ്ഗക്കാരുടെ ഭവനങ്ങൾക്ക് 6 വർഷം പൂർത്തിയാകുന്നതനുസരിച്ച് വീടുകളുടെ അറ്റകുറ്റപ്പണികൾക്കും, അധിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ധനസഹായം അനുവദിക്കുന്നുണ്ട്.<br>അർഹരായ എല്ലാ പട്ടികജാതി കുടുംബങ്ങൾക്കും വാസയോഗ്യമായ ഭവനം ലക്ഷ്യമിടുന്നതിനാലും, മുഴുവൻ ഗഡുക്കളും കൈപ്പറ്റിയിട്ടും നാളിതുവരെ പൂർത്തീകരിക്കാത്ത ഭവനങ്ങൾക്ക് 1.50 ലക്ഷം രൂപവരെയുള്ള അധിക ധനസഹായം അനുവദിയ്ക്കുന്നതിനുള്ള പദ്ധതി രൂപീകരിയ്ക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നതിനാലും പട്ടികജാതി വികസന വകുപ്പ് ഭവന പുനരുദ്ധാരണ പദ്ധതി നിലവിൽ നടപ്പിലാക്കുന്നില്ല.<br>ഇക്കാര്യത്തിൽ മറ്റ് ഭേദഗതികൾ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലില്ല. |
| (ബി) | 7 വർഷം കഴിയുമ്പോൾ ടി ഭവനങ്ങൾ പൂർണ്ണമായും നശിക്കുന്ന തരത്തിൽ എത്തിച്ചേരുന്നതായും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗുണഭോക്താക്കളെ നിയമാനുസൃതം കണ്ടെത്തുവാൻ കഴിയാതെ ഫണ്ടുകൾ ലാപ്സാകുന്നതും ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | | |
| (സി) | നിശ്ചിത കാലദൈർഘ്യം മാറ്റി എൽ.എസ്.ജി.ഡി എഞ്ചിനീയർ പരിശോധിച്ച് സമർപ്പിക്കുന്ന റിപ്പോർട്ട് പരിഗണിച്ച് പട്ടികജാതി പട്ടിക വർഗ്ഗക്കാരുടെ ഭവനങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് തുക അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ